അമലയിൽ എക്മോ ചികിത്സയിലൂടെ 36കാരിക്ക് പുതുജീവൻ

തൃശൂർ: എഎൻസിഎ അസോസിയേറ്റഡ് വാസ്കുലൈറ്റിസ് മൂലമുണ്ടായ അതിവേഗം പുരോഗമിക്കുന്ന അക്യൂട്ട് ഇന്റർസ്റ്റീഷ്യൽ ന്യുമോണിയയെ തുടർന്ന് ജീവൻ അപകടത്തിലായ 36കാരിക്ക് അമല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിൽ എക്മോ ചികിത്സയിലൂടെ പുതുജീവൻ ലഭിച്ചു. വെന്റിലേറ്റർ ചികിത്സ നൽകിയിട്ടും രക്തത്തിലെ ഓക്സിജന്റെ അളവ് ആവശ്യമായ നിലയിൽ നിലനിർത്താൻ കഴിയാതിരുന്ന സാഹചര്യത്തിലാണ് എക്മോ ചികിത്സ ആരംഭിച്ചത്.

ശ്വാസകോശത്തിലെ രക്തക്കുഴലുകളെ ബാധിക്കുന്ന എഎൻസിഎ അസോസിയേറ്റഡ് വാസ്കുലൈറ്റിസ് മൂലമുണ്ടായ അതിവേഗം ഗുരുതരമാകുന്ന രോഗാവസ്ഥയായിരുന്നു യുവതിക്ക്. എക്മോ സംവിധാനത്തിലൂടെ രോഗിയുടെ രക്തം ശരീരത്തിനു പുറത്തുള്ള പ്രത്യേക ഉപകരണത്തിലൂടെ കടത്തിവിട്ട് ഓക്സിജൻ നൽകുകയും കാർബൺ ഡൈ ഓക്സൈഡ് നീക്കം ചെയ്യുകയുമാണ് ചെയ്യുന്നത്. രോഗാവസ്ഥ നിയന്ത്രിക്കുന്നതിനായി പ്ലാസ്മ എക്സ്ചേഞ്ച് ചികിത്സയും നൽകി. ആരോഗ്യനില തൃപ്തികരമായതോടെ ആശുപത്രിയിൽനിന്ന് സുരക്ഷിതമായി ഡിസ്ചാർജ് ചെയ്യുകയും ചെയ്തു.

അമല മെഡിക്കൽ കോളജിലെ ക്രിട്ടിക്കൽ കെയർ വിഭാഗത്തിന്റെ നേതൃത്വത്തിൽ കാർഡിയോളജി, പൾമണോളജി, റുമറ്റോളജി വിഭാഗങ്ങളിലെ വിദഗ്ധ ഡോക്ടർമാർ, പെർഫ്യൂഷനിസ്റ്റുകൾ, പരിശീലനം നേടിയ സ്റ്റാഫ് നഴ്സുമാർ തുടങ്ങി വിവിധ വിഭാഗങ്ങളിലെ വിദഗ്ധർ ഉൾപ്പെട്ട മൾട്ടി ഡിസിപ്ലിനറി ടീമാണ് ചികിത്സ ഏകോപിപ്പിച്ചത്.

ഉന്നതവിദ്യാഭ്യാസ മേഖല സംഘപരിവാർ വിധേയത്വത്തിലായി: ഡോ. ആർ.ബിന്ദു

തൃശൂർ: സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ മേഖല പൂർണമായും സംഘപരിവാറിന്റെ വിധേയത്വത്തിലാണ് പ്രവർത്തിക്കുന്നതെന്ന് മുൻ ഉന്നതവിദ്യാഭ്യാസ മന്ത്രി ഡോ.ആർ. ബിന്ദു. തൃശൂരിൽ മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അവർ. ആറുമാസത്തെ യുഡിഎഫ് ഭരണം ഉന്നതവിദ്യാഭ്യാസ മേഖലയിൽ വാണിജ്യവത്കരണത്തിനും വർഗീയവത്കരണത്തിനും വേഗതകൂട്ടിയെന്നും കഴിഞ്ഞ സർക്കാർ നടപ്പിലാക്കിയ വിദ്യാഭ്യാസ പുരോഗതിയിൽനിന്ന് യുഡിഎഫ് സർക്കാർ ഏറെ പിറകോട്ടുപോയെന്നും ഡോ. ബിന്ദു ആരോപിച്ചു.

കാലടി സർവകലാശാലയിലെ വിദ്യാർഥികളെ കള്ള ആരോപണങ്ങൾ ഉന്നയിച്ചാണ് സസ്പെൻഡ് ചെയ്തത്. സംഘപരിവാർ അജൻഡകളെ സംരക്ഷിക്കുന്നതിന്റെ ഭാഗമായാണ് ചാൻസലറായ ഗവർണറും വൈസ് ചെയർമാൻമാരും സർവകലാശാലയിൽ സംഘർഷഭരിതമായ അന്തരീക്ഷം സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത്.

പണം നൽകി പഠിക്കേണ്ട കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള സ്ഥാപനങ്ങളിൽ സർക്കാർ നിയന്ത്രണം ലഘൂകരിക്കുകയും സാധാരണക്കാർക്ക് കുറഞ്ഞ ചെലവിൽ പഠിക്കാവുന്ന എയ്ഡഡ് കോഴ്സുകളുടെ കാര്യത്തിൽ നിയന്ത്രണം തുടരുകയും ചെയ്യുന്ന യുഡിഎഫ് സർക്കാരിന്റെ ഇരട്ടത്താപ്പ് ആരുടെ താത്പര്യമാണ് സംരക്ഷിക്കുന്നതെന്ന് മുഖ്യമന്ത്രിയും ഉന്നതവിദ്യാഭ്യാസ മന്ത്രിയും വ്യക്തമാക്കണമെന്നും ആവശ്യപ്പെട്ടു.

സെറിബ്രൽ പാൾസി കായികമേള ഇന്ന് കുന്നംകുളത്ത്

തൃശൂർ: സെറിബ്രൽ പാൾസി രോഗബാധിതരുടെ കായികശേഷി വളർത്തുന്നതിന് സംസ്ഥാന സെറിബ്രൽ പാഴ്സി സ്പോർട്സ് അസോസിയേഷൻ സംസ്ഥാനതലത്തിൽ നടത്തുന്ന അത്ലറ്റിക്സ്, ഫുട്ബോൾ ചാമ്പ്യൻഷിപ്പ് ഇന്ന് കുന്നംകുളം സീനിയർ ഗ്രൗണ്ടിൽ അരങ്ങേറും. 380 കായികതാരങ്ങൾ പങ്കെടുക്കുന്ന ചാമ്പ്യൻഷിപ്പ് ഉച്ചക്ക് 12ന് മന്ത്രി ഒ.ജെ. ജനീഷ് ഉദ്ഘാടനം ചെയ്യും. എ.സി. മൊയ്തീൻ എംഎൽഎ അധ്യക്ഷത വഹിക്കും. രാവിലെ എട്ടു മുതൽ മത്സരങ്ങൾ ആരംഭിക്കും. സംസ്ഥാനത്തെ 10 പരിശീലന കേന്ദ്രങ്ങളിൽ നിന്നുള്ള മത്സരാർഥികളാണ് പങ്കെടുക്കുന്നത്.

വിവിധ ജില്ലകളിൽനിന്നുള്ള കായികപ്രതിഭകൾക്ക് അണ്ടർ 10 മുതൽ ജൂനിയർ, സീനിയർ വിഭാഗങ്ങളിൽ മത്സരങ്ങളുണ്ട്. അത്ലറ്റിക്സിൽ പാരാലിമ്പിക്സ് മാതൃകയിൽ പ്രത്യേക മത്സരങ്ങളുണ്ടാകും. അഞ്ച് ടീമുകളാണ് ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ മത്സരിക്കുന്നത്. ഉച്ചക്ക് രണ്ടിന് കേരളവും തമിഴ്നാടും തമ്മിലുള്ള സെറിബ്രൽ പാഴ്സി ഫുട്ബോൾ മത്സരവും നടക്കും.

ചാമ്പ്യൻഷിപ്പ് വിജയികൾക്ക് മെഡലുകളും സർട്ടിഫിക്കറ്റുകളും നൽകുമെന്നും ഭാരവാഹികളായ ആർ. ഗിരിജാകുമാരി, സിജോ ജോർജ്, പി.ഒ. സിജോ തുടങ്ങിയവർ അറിയിച്ചു.



ധനലക്ഷ്മി ബാങ്ക് നിലമ്പൂർ ശാഖയുടെ ഉദ്ഘാടനം പി.വി അബ്ദുൾ വഹാബ് എംപി നിർവഹിക്കുന്നു.

ധനലക്ഷ്മി ബാങ്ക് നിലമ്പൂർ ശാഖ ഉദ്ഘാടനം ചെയ്തു

നിലമ്പൂർ: ധനലക്ഷ്മി ബാങ്കിന്റെ നിലമ്പൂർ ശാഖയുടെ ഉദ്ഘാടനം ചന്തക്കുന്ന് കാളികാവ് റോഡ് ജംഗ്ഷനിൽ കെആർഎം അവന്യൂ ബിൽഡിംഗിൽ പി.വി. അബ്ദുൾ വഹാബ് എംപി ഉദ്ഘാടനം ചെയ്തു.

എടിഎം/സിഡിഎം ഉദ്ഘാടനം വ്യാപാരി വ്യവസായി ഏകോപന സമിതി മലപ്പുറം ജില്ലാ വൈസ് പ്രസിഡന്റ് വിനോദ് പി. മേനോൻ നിർവഹിച്ചു. ലോക്കർ ഉദ്ഘാടനം മഹാറാണി ഗ്രൂപ്പിന്റെ മാനേജിംഗ് ഡയറക്ടർ ഷൈജു കെ. ഡേവിഡ് നിർവഹിച്ചു. ധനലക്ഷ്മി ബാങ്ക് മാനേജിംഗ് ഡയറക്ടറും സിഇഒയുമായ കെ. കെ. അജിത്ത് കുമാർ അധ്യക്ഷത വഹിച്ച ചടങ്ങിൽ എസ്എൻഡിപി യോഗം നിലമ്പൂർ താലൂക്ക് യൂണിയൻ സെക്രട്ടറി ഗിരീഷ് മേക്കാട്ട് ആശംസകൾ അർപ്പിച്ചു. ധനലക്ഷ്മി ബാങ്ക് കോഴിക്കോട് റീജനൽ മാനേജർ എം. അഭിരാം ഉണ്ണി, നിലമ്പൂർ ശാഖ മാനേജർ കെ.എസ്. സുനിൽ ബാബു എന്നിവർ പങ്കെടുത്തു.

ഷുക്കൂർ വധക്കേസ്: 18 പേരെ വെറുതെ വിട്ടതിനെതിരേ നിയമപോരാട്ടമെന്ന് ലീഗ്

കണ്ണൂർ: അരിയിൽ ഷുക്കൂർ വധക്കേസിൽ18 പേരെ വെറുതെവിട്ട എറണാകുളം സിബിഐ കോടതി വിധിക്കെതിരേ നിയമപോരാട്ടം തുടരുമെന്ന് മുസ്‌ലിം ലീഗ് കണ്ണൂർ ജില്ലാ പ്രസിഡന്റ് അബ്ദുൾ കരീം ചേലേരി. എല്ലാ പ്രതികൾക്കും ശിക്ഷ ലഭിക്കേണ്ടതായിരുന്നു. 18 പേരെ വെറുതെ വിട്ടതിൽ ലീഗിനും ഷുക്കൂറിന്റെ കുടുംബത്തിനും പ്രോസിക്യൂഷനും തൃപ്തിയില്ലെന്ന് പാർട്ടി ഓഫിസിൽ വിളിച്ചുചേർത്ത പത്രസമ്മേളനത്തിൽ അദ്ദേഹം പറഞ്ഞു.

പുതുക്കാട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 580
P.O. പുതുക്കാട്, തൃശൂർ ജില്ല. PIN 680301, ഫോൺ: 0480-2751375, 2750269, 2750246
നീ ടെൻഡർ പരസ്യം
ബാങ്കിന്റെ ഹെഡ് ഓഫീസ് ബിൽഡിംഗ് A.C.P. വർക്ക് ചെയ്യുന്നതിനുവേണ്ടി നിശ്ചിത യോഗ്യതയുള്ള കരാറുകാരിൽ നിന്നോ, അംഗീകൃത ഡീലർമാരിൽ നിന്നോ, സീൽ വച്ച കവറുകളിൽ ക്വൊട്ടേഷനുകൾ ക്ഷണിക്കുന്നു. നിരതദ്രവ്യം പുതുക്കാട് മാറ്റാവുന്ന D/D അടക്കം 28.11.2026 ശനിയാഴ്ച പകൽ 12 മണി വരെ ബാങ്ക് പ്രസിഡണ്ടിന്റെ പേരിൽ ക്വൊട്ടേഷനുകൾ സ്വീകരിക്കുന്നതാണ്. 28.11.2026 ശനിയാഴ്ച 3 മണിക്ക് ഹാജരുള്ള കരാറുകാരുടെ സാന്നിദ്ധ്യത്തിൽ ക്വൊട്ടേഷനുകൾ തുറക്കുന്നതുമാണ്. കരാർ മുഴുവനുമായോ, ഭാഗികമായോ, ഉറപ്പിക്കുന്നതിനും നീട്ടി വയ്ക്കുന്നതിനും വേണ്ടി വന്നാൽ റദ്ദ് ചെയ്യുന്നതിനുമുള്ള അധികാരം ബാങ്ക് ഭരണസമിതിയിൽ നിക്ഷിപ്തമാണ്. ആയത് സംബന്ധിച്ച് ഭരണസമിതിയുടെ തിരുമാനം അന്തിമമായിരിക്കും. കേരള സർക്കാരിന്റെയും ബാങ്കിന്റെയും നിലവിലുള്ള എല്ലാ കരാർ വ്യവസ്ഥകളും ഈ കരാറുകൾക്ക് ബാധകമായിരിക്കും. ടെണ്ടർ ഫോറം 28.11.2026 ശനിയാഴ്ച പകൽ 11 മണിവരെ ബാങ്ക് ഹെഡ് ഓഫീസിൽ നിന്നും നിശ്ചിത വിലയ്ക്ക് ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ബാങ്ക് ഹെഡ് ഓഫീസുമായി ബന്ധപ്പെടുക

പണിയുടെ വിവരം	അടങ്കൽ തുക	നിരതദ്രവ്യം തുക 2 %	SGST & CGST	ഫോറത്തിന്റെ വില	പണികളുടെ കാലാവധി	സ്വീകരിക്കുന്ന തിയ്യതി
ഹെഡ് ഓഫീസ് കെട്ടിടം A.C.P വർക്ക് ചെയ്യുന്നതിന്	1853000	37060	333540	250	20 ദിവസം	28.11.2026 രാവിലെ 12 മണി വരെ

പുതുക്കാട്, 20.11.2026
ബാങ്ക് ഭരണസമിതിക്ക് വേണ്ടി സെക്രട്ടറി (ഒപ്പ്)
T2611-608408

നഷ്ടപ്പെട്ടു
എന്റെ പിതാവ് കറുപ്പണ്ണ നാടാർ പേരിലുള്ള മണ്ണാർക്കാട് സബ്ബ് രജിസ്ട്രാഫീസിലെ 1974-ലെ 322-ാം നമ്പർ ആധാരം നഷ്ടപ്പെട്ടിട്ടുള്ളതാണ്. മേൽ പറഞ്ഞ വസ്തു കൈമാറ്റം ചെയ്യുന്നതിനോ, വായ്പ എടുക്കുന്നതിനോ ടി വഹകളെ സംബന്ധിച്ച് ആർക്കെങ്കിലും ഏതെങ്കിലും തരത്തിലുള്ള ആക്ഷേപങ്ങളോ അവകാശ തേർച്ചകളോ മറ്റോ ഉണ്ടെങ്കിലോ, മേൽ നമ്പർ ആധാരം ആരുടെയെങ്കിലും കൈവശത്തിൽ ലഭിച്ചിട്ടുണ്ടെങ്കിലോ ആയതിനെ സംബന്ധിച്ച് ഇന്നു മുതൽ ഏഴ് ദിവസത്തിനുള്ളിൽ താഴെ പറയുന്ന വിലാസത്തിൽ അറിയിച്ചു കൊള്ളേണ്ടതാണ്. ടി ആധാരം ആരെങ്കിലും ദുരുപയോഗം ചെയ്താൽ ആയത് അവകാശികളേയോ, ടി സ്വത്തുക്കളെയോ ബാധിക്കുന്നതല്ല.രാജാമണി, S/o കറുപ്പണ്ണ നാടാർ, കുക്കംപാളയം, താവളം പി.ഒ-678582, അട്ടപ്പാടി,Ph:8086696291
T2611-608410

പരസ്യം
ഞങ്ങളുടെ മാതാവ് അന്തരിച്ച തങ്കമണി റപ്പായിയുടെ പേർക്ക് അവകാശപ്പെട്ട വെങ്ങാനെല്ലൂർ വില്ലേജിൽ സർവ്വെ നമ്പർ 84 റീ. സ നമ്പർ 86/4 ബ്ലോക്ക് നമ്പർ 72 ൽ 28 ആർ 33 ച.മി വസ്തുവഹകളുടെ അസ്സൽ ആധാരമായ ചേലക്കര രജി.ഓഫീസ് ആധാർ നമ്പർ 2043/I/1996, തിരിച്ചുകിട്ടാത്ത വിധം നഷ്ടപ്പെട്ടുപോയിട്ടുള്ളതാകുന്നു. ടി ആധാരത്തിന്റെ സർട്ടിഫൈഡ് കോപ്പി എടുത്തു ടി തങ്കമണി റപ്പായിയുടെ പിൻതുടർച്ചാവകാശികളായ ആന്റണി, ജെസി, മോറിസ്, വിൽസൻ ചേർന്ന് ടി വഹകൾ ക്രയവിക്രയം ചെയ്യുവാൻ ഉദ്ദേശിക്കുന്നു. ആയതിനു ആർക്കെങ്കിലും എന്തെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ ഈ പരസ്യ തിയ്യതി മുതൽ 7 ദിവസത്തിനകം താഴെ കാണുന്ന ഫോൺ നമ്പറിൽ രേഖാമൂലം അറിയിക്കുവാൻ താല്പര്യപ്പെടുന്നു. ടി അവധിക്കുശേഷം ടി സർട്ടിഫൈഡ് കോപ്പിവെച്ച് ടിവസ്തുവഹകൾ ക്രയവിക്രയം ചെയ്യുന്നതാണെന്ന് ഇതിനാൽ അറിയിക്കുന്നു.
എന്ന് ആന്റണി മുതൽപേർ
9495549255
T2611-608411

നഷ്ടപ്പെട്ടു
ശ്രീമതി ലൈലാമ്മ മാത്യു കെ., W/o. സ്കറിയ കെ. വി., കോലാടി ഹൗസ്, പെരിങ്ങാവ് എന്നവർക്ക് തൃശൂർ സബ്ബ് രജിസ്റ്റർ 598/3/2024-ാം നമ്പ്ര് മരണപത്ര നിശ്ചയപ്രകാരം അവകാശപ്പെട്ടുകിട്ടിയ ഒല്ലൂക്കര വില്ലേജിൽ സർവ്വെ 655/10-4ൽ 4.45 ആർ വസ്തു തീറ് വാങ്ങുവാൻ ഉദ്ദേശിക്കുന്നു. ടി വസ്തുവിന്റെമേൽ നമ്പ്ര് മരണപത്രവും, ടി വസ്തുസംബന്ധമായ ഒല്ലൂക്കര സബ്ബ് രജിസ്റ്റർ 2004ൽ 4330, 1994ൽ 3873, 1981ൽ 3627 (ഡ്യൂപ്ലിക്കേറ്റ്) 1994ൽ 1671, 1991ൽ 1467-ാം നമ്പ്രാധാരങ്ങൾ ബോദ്ധ്യപ്പെടുത്തിട്ടുണ്ട്. എന്നാൽ ഒല്ലൂക്കര സബ്ബ് രജിസ്റ്റർ 2002ൽ 3503-ാം നമ്പ്ര് ഒറിജിനൽ ആധാരം നഷ്ടപ്പെട്ടുപോയതായി അറിയിക്കുകയും ആയതിന്റെ സർട്ടിഫൈഡ് കോപ്പി ബോദ്ധ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. മേൽ പ്രസ്താവിച്ച രേഖകൾ പ്രകാരം ടി വസ്തു തീറ് വാങ്ങുന്നതിൽ ആർക്കെങ്കിലും എന്തെങ്കിലും അവകാശമോ, തർക്കമോ, ആക്ഷേപമോ ബാദ്ധ്യതയോ ഉണ്ടെങ്കിൽ ആയത് ഇന്ന് മുതൽ ഏഴു ദിവസത്തിനകം എന്നെ രേഖാമൂലം അറിയിക്കേണ്ടതും അല്ലാത്തപക്ഷം മേൽ പറഞ്ഞ ഒറിജിനൽ ആധാരവും, സർട്ടിഫൈഡ് കോപ്പിയും ബോദ്ധ്യപ്പെട്ട ടി വസ്തു ഞാൻ തീറു വാങ്ങുന്നതാണെന്നും പിന്നീട് യാതൊരു ആക്ഷേപവും തർക്കവും ഉന്നയിക്കുവാൻ അധികാരമില്ലെന്നും ഇതിനാൽ അറിയിച്ചു കൊള്ളുന്നു.
എന്ന്,
ഷോൺ ഡേവിസ്, പുലിക്കോട്ടിൽ ഹൗസ്, ഒല്ലൂക്കര പി.ഒ, ഉമ നഗർ, കാളത്തോട്-680 655, Ph: 9037028132
T2611-608406

മാതാ സെപ്റ്റിക് ടാങ്ക് ക്ലീനിംഗ്
7356036003
ബ്ലോക്ക്, മെയിന്റനൻസ് റിപ്പയറിംഗ്. ദുർഗന്ധമില്ലാതെ ജില്ലയിൽ എവിടെയും രാത്രിയും പകലും വൃത്തിയാക്കുന്നു.
T2611-607416

ഹൗസ് പ്ലോട്ടുകൾ വിൽപനയ്ക്ക്
ചങ്ങനാശേരി വാഴൂർ റോഡിൽ നടയ്ക്കപ്പാടം ജംഗ്ഷനിൽ നിന്നും 50 mtr ഇരുവശങ്ങളിൽ നിന്നും റോഡ് സൗകര്യമുള്ള കിണറോടുകൂടിയ 20 സെന്റ് ഹൗസ് പ്ലോട്ടുകൾ ഉടൻ വിൽപനയ്ക്ക്.
Mob: 9447365581
K2611-608344

RASHTRA DEEPIKA CHILDREN'S DIGEST Popular English Child Magazine

ആധാരം നഷ്ടപ്പെട്ടു
ചേലക്കര വില്ലേജിൽ സർവ്വെ 512/2 ഭാഗം 6 ആർ 78 ച.മീറ്റർ (16 3/4 സെന്റ്) വഹകൾ മേലേമ്പാട്ട് ശിവശങ്കരനും, ടിയാന്റെ ഭാര്യയായ ഗീതക്കും കൂടി, ചേലക്കര സബ്ബ് റജിസ്ട്രി 1-ാം ബുക്ക് 1989 ൽ 245-ാം നമ്പ്രാധാര പ്രകാരം തീറ് സിദ്ധിച്ചിട്ടുള്ളാതാകുന്നു. ടി ശിവശങ്കരൻ മരണപ്പെട്ടിട്ടുള്ളതാകുന്നു. മേൽ നമ്പ്രാധാരം കൈമോശം വന്ന് പോയിട്ടുള്ളതാകുന്നു. ടി ആധാരം വീട്ടുകാർ തമ്മിൽ ഭാഗിച്ചെടുക്കുവാൻ തീരുമാനിച്ചിട്ടുള്ളതാകുന്നു. ആയതുകൊണ്ട് ടി ആധാരം ലഭിക്കുന്നവർ താഴെ പറയുന്ന വിലാസത്തിൽ ബന്ധപ്പെടേണ്ടതാണ്. ടി ആധാരം വെച്ച് ആരെങ്കിലും എന്തെങ്കിലും പ്രവർത്തിച്ചാൽ ആയതിന് ഞങ്ങൾക്ക് ബാധകമല്ലാത്തതും അതിന് യാതൊരു നിയമസാധ്യതയും ഇല്ലാത്തതുമാകുന്നു.
എന്ന് ഗീത ശിവശങ്കരൻ
T2611-608413

കുട്ടികളുടെ ദീപിക കുട്ടികളുടെ പ്രിയപ്പെട്ട ദ്വൈവാരിക

PULSATOR
15-ാം വാർഷിക ഓഫർ
പള്ളിമണി അടിക്കാൻ ആള് വേണ്ട
15 വർഷം മുൻപ് MADONNA ELECTRONICS വികസിപ്പിച്ചെടുത്ത PULSATOR ഇത് സാധ്യമാക്കി. ഇന്ന് ഇന്ത്യയിലും വിദേശത്തുമായി 2000 ത്തിലധികം മണികൾ പൾസേറ്ററിലൂടെ സ്വയം മുഴങ്ങുന്നു.
PULSATOR + CHANT CONNECT: നിലവിലുള്ള പള്ളിമണികൾ നിശ്ചിത സമയങ്ങളിലും രീതികളിലും സ്വയമേ മുഴക്കാം.
ഒപ്പം സെറ്റ് ചെയ്ത് ഭക്തിഗാനങ്ങളും പ്രാർത്ഥനകളും പ്രക്ഷേപണം ചെയ്യാം. ഇവയെല്ലാം മൊബൈൽ ആപ്പിലൂടെയും നിയന്ത്രിക്കാം.
15-ാം വാർഷിക സ്പെഷ്യൽ ഓഫറായി PULSATOR + CHANT CONNECT വാങ്ങുന്നവർക്ക് ഇൻസ്റ്റലേഷനും രണ്ടു വർഷത്തെ വാറന്റിയും ഉൾപ്പെടെ 3,000/- വിലയുള്ള 5 ച്വ്ലസ് വിശുദ്ധജല ഡിസ്പെൻസറും, 3,000/- വിലയുള്ള ധൂപക്കുറ്റി - മിനി ഹീറ്റർ സെറ്റും സൗജന്യം.
നിങ്ങളുടെ പള്ളിയിലും ഈ ആധുനിക മണിമുഴക്ക സംവിധാനം ഒരുക്കൂ. ഓർഡറുകൾക്കും കൂടുതൽ വിവരങ്ങൾക്കും:
MADONNA ELECTRONICS
CHITTOOR, KOCHI
9895399881
felixmadonna@gmail.com
E2611-607687

RASHTRA DEEPIKA CHILDREN'S DIGEST Popular English Child Magazine

കൊതുകിൽ നിന്നും രക്ഷനേടൂ...
Protect Your Family From ALL KINDS OF INSECTS & DUST
ALL KINDS OF ALUMINIUM FABRICATION & KITCHEN CABINETS
METALLIC (SS) NET
Use Aluminium frame or Velcro to Doors, Windows, Ventilators & Air Holes
WE GUARANTEE THE BEST AFTER-SALES SERVICE
NET TRADERS
COCHIN, THRISSUR
KOTTAYAM,TRIVANDRUM
94955 14397, 0484 2314397
CALICUT, KANNUR
MALAPPURAM,
WAYANAD, KASARAGOD
9946554397, 9895175538
E2611-608257

KPPL
Kerala Paper Products Limited
(A Government of Kerala Undertaking)
Tenders are invited for the following Works
1) DIP GODOWN OPERATIONS
2) MANPOWER SUPPLY
3) IMPORTED PAPER CORE (used)
4) RUNNING INDUSTRIAL CANTEEN
Details of Tenders are available at www.keralapaper.in & Kerala E Tender Portal
Mob: 9495648665
E2611-608272

ദീപിക ക്ലാസിഫൈഡ്സ്
RASHTRA DEEPIKA CHILDREN'S DIGEST

സെപ്റ്റിക് ടാങ്ക് ക്ലീനിംഗ്
ഇടനിലക്കാരില്ലാതെ കുറഞ്ഞ ചിലവിൽ പെർമിറ്റ് ഉള്ള ടാങ്കറിൽ കൊണ്ടുപോകും. തൃശൂർ ജില്ലയിൽ എവിടേയും. ബ്ലോക്ക്, പ്ലംമ്പിംഗ് എല്ലാത്തരം മെയിന്റൻസ് വർക്കും ചെയ്യുന്നു.
Ph: 9539108888,9539118888
T2611-607553

CHANGE OF NAME
I, Badhra Mobin, D/o Mobin K M, Karayil House, Karalam P O, Thrissur-680711 hereby change my name to Bhadra Mobin.
E2611-608394

ഹോളി മൗണ്ട് കാർമ്മൽ കോളേജ് ഓഫ് നഴ്സിംഗ്
BC ROAD- മംഗലാപുരം
ADMISSION OPEN
B.Sc. NURSING
Approved by Nursing Council & Rajiv Gandhi University
സ്കോളർഷിപ്പിൽ പഠിക്കാം
കൂടുതൽ വിവരങ്ങൾക്ക്
PRINCIPAL
8197202255
Z2611-607860

കൃപ സെപ്റ്റിക് ടാങ്ക് ക്ലീനിങ്ങ്
ബ്ലോക്ക്, മെയിന്റനൻസ് ജില്ലയിൽ എവിടെയും പകലും വൃത്തിയാക്കുന്നു
9846237864
T2611-607172

കേരള ഗ്രാമീണ ബാങ്ക്
(Scheduled Bank Owned By Government)
ഹെഡ് ഓഫീസ്: മലപ്പുറം | റീജിയണൽ ഓഫീസ്: പാലക്കാട്

സ്വർണ്ണപ്പണ്ട ലേല പരസ്യം
കേരള ഗ്രാമീണ ബാങ്കിന്റെ താഴെ പറയുന്ന ശാഖയിൽ പണയം വെച്ചിട്ടുള്ളതും കാലാവധി കഴിഞ്ഞതും, നോട്ടീസ് അയച്ചിട്ട് ഉടമ കൈപ്പറ്റാത്തതും തിരിച്ചെടുക്കാത്തതുമായ താഴെപറയുന്ന പണ്ടങ്ങൾ ഇടപാടുകാരന്റെ/പിന്തുടർച്ചാവകാശികളുടെ സ്വന്തം ഉത്തരവാദിത്വത്തിന്മേൽ **01-12-2026** ന് ശാഖയിൽ വെച്ചോ അല്ലെങ്കിൽ ബാങ്കിനു സൗകര്യപ്രദമായ മറ്റേതെങ്കിലും സ്ഥലത്തോ സമയത്തോ പരസ്യമായി ലേലം ചെയ്തു വിൽക്കുന്നതാണെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

വായ്പാ നമ്പരും ശാഖയും	വായ്പക്കാരിയുടെ പേരും വിലാസവും	ലോൺ തുക	കുടിശ്ശിക തുക	തൂക്കം
27215319224025 പട്ടാമ്പി	സൗമ്യ. കെ, D/o ചന്ദ്രൻ, കുറുങ്ങൻമേരിൽ, കല്ലടിപ്പറ്റ	രൂപ 46,500/-	രൂപ 50,878/-	5.5 ഗ്രാം

സ്ഥലം: പാലക്കാട്
തീയതി: 20-11-2026
(ഒപ്പ്) അധികാരപ്പെട്ട ഉദ്യോഗസ്ഥൻ, കേരള ഗ്രാമീണ ബാങ്ക്
T2611-608402

ബാങ്ക് ഓഫ് ബറോഡ Bank of Baroda
ഇരിങ്ങാലക്കുട ശാഖ, ആലങ്ങാടൻസ് ബിൽഡിംഗ്, മെയിൻ റോഡ്, ഇരിങ്ങാലക്കുട, തൃശൂർ - 680121, Ph: +91 480 2821421, 2825263, Mob: 9446899843 , Email: irinja@bankofbaroda.co.in

സ്ഥാവര വസ്തുക്കളെ സംബന്ധിച്ച ലേല വിൽപന നോട്ടീസ്
APPENDIX –IV-A [See proviso to Rule 6(2) & 8(6)]
സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്റസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ് 2002 ലെ സെക്യൂരിറ്റി ഇന്റസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ് 2002 ലെ റൂൾ 6(2) & 8(6) പ്രകാരമുള്ള സ്ഥാവര വസ്തുക്കളുടെ ഇ-ലേല വിൽപന നോട്ടീസ്

വായ്പക്കാർ/ജാമ്യക്കാരിൽ നിന്ന് ബാങ്ക് ഓഫ് ബറോഡയ്ക്ക് ലഭിക്കാനുള്ള കുടിശ്ശിക തുകയും പലിശയും മറ്റ് ചെലവുകളും ഈടാക്കുന്നതിന് വേണ്ടി ബാങ്ക് ഓഫ് ബറോഡയുടെ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ കൈവശമെടുത്തിട്ടുള്ള സ്ഥാവര വസ്തു "As is where is", "As is what is" & "Whatever there is" എന്നതിന്റെ അടിസ്ഥാനത്തിൽ വിൽപന നടത്തുവാൻ തീരുമാനിച്ചിരിക്കുന്ന വിവരം വായ്പക്കാരെ/ജാമ്യക്കാരെ/ജനങ്ങളെ പൊതുവായും ഇതിനാൽ അറിയിച്ചുകൊള്ളുന്നു. വായ്പക്കാർ/ജാമ്യക്കാർ/ഈട് വസ്തു/കുടിശ്ശിക തുക/കരുതൽ വില/ഇ-ലേല തീയതിയും സമയവും നിരതദ്രവ്യം/ലേല വർദ്ധന തുക എന്നിവയുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

വായ്പക്കാർ/ജാമ്യക്കാരുടെ പേരും വിലാസവും: (1). **ശ്രീ. ജിത്തു പി.എ.** (വായ്പക്കാരൻ) (2). **ശ്രീ. ജിബിൻ പി.എ.** (സഹവായ്പക്കാരൻ) (3). **ശ്രീമതി. പ്രിയ കെ,** W/o. ജിത്തു പി.എ. (ജാമ്യക്കാരി), എല്ലാവരുടെയും വിലാസം: പുതുരുത്തി വീട്, പൊറത്തിശ്ശേരി പി ഒ, ഇരിഞ്ഞാലക്കുട നോർത്ത്-680125.

കുടിശ്ശിക തുക: രൂപ 91,61,989.10 **(തൊണ്ണൂറ്റി ഒന്ന് ലക്ഷത്തി അറുപത്തി ഒന്നായിരത്തി തൊള്ളായിരത്തി എൺപത്തി ഒൻപത് രൂപ പത്ത് പൈസ)** യും 14-11-2026 മുതലുള്ള പലിശയും മറ്റ് ചാർജുകളും

സ്ഥാവര വസ്തുവിന്റെ വിശദവിവരണം (ബാധ്യതയുണ്ടെങ്കിൽ അതുൾപടെ): തൃശൂർ ജില്ല, മുകുന്ദപുരം താലൂക്ക്, മനവലശ്ശേരി വില്ലേജിൽ, ശ്രീ. ജിത്തു പി.എ. പേരിലുള്ള സർവ്വേ നം. 211/2ൽപ്പെട്ട 1.79 ആർ & സർവ്വേ നം. 212/2 ൽ പ്പെട്ട 5.68 ആർ സ്ഥലവും അതിലിരിപ്പ് താമസയോഗ്യമായ കെട്ടിടവും (ഡോർ നം.11/107) മറ്റ് സകലവിധ അവകാശങ്ങളുമാകുന്നു. **അതിരുകൾ: കിഴക്ക്:** പഞ്ചായത്ത് റോഡ്, **വടക്ക്:** വൻപറമ്പിൽ പ്രാഞ്ജൻ വക വസ്തു, **പടിഞ്ഞാറ്:** തീയാടി ശശി വക വസ്തു, **തെക്ക്:** വൻപറമ്പിൽ വേണു വക വസ്തു.

കൈവശമെടുത്ത രീതി (പ്രത്യക്ഷമായി/ക്രിയാത്മകമായി): **പ്രത്യക്ഷമായി**	
കരുതൽ വില: രൂപ 63,00,000/-	**നിരതദ്രവ്യം: രൂപ** 6,30,000/-
ലേല വർദ്ധന തുക: രൂപ 20,000/-	

ഇ-ലേല വിൽപന തീയതിയും സമയവും: 07-12-2026 ന് **ഉച്ചയ്ക്ക്** 2